26 5128/22

270209/2022

"ഭരണഭാഷ- മാതൃഭാഷ"

5/05/20

**കേരള സർക്കാർ**

**പൊതുഭരണ (എ.ഐ.എസ്-സി) വകുപ്പ്**

നം.എ.ഐ.എസ്-സി2/29/2022-പൊ.ഭ.വ | തിരുവനന്തപുരം,തീയതി:11-05-2022

**പരിപത്രം**

വിഷയം:- വിരമിച്ച അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് എ.ഐ.എസ് ഓഫീസേഴ്സ് അലവൻസ് അനുവദിക്കുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1. സ.ഉ. (കൈ) നം.120/2013/പൊഭവ തീയതി 03.05.2013

2. സ.ഉ. (കൈ) നം. 20/2019/GAD തീയതി 25.01.2019

3. സ.ഉ. (കൈ) നം. 87/2019/GAD തീയതി 13.05.2019

**********************

സൂചനയിലെ സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാരിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് എ.ഐ.എസ്. ഓഫീസേഴ്സ് അലവൻസ് നിലവിൽ അനുവദിച്ചു വരുന്നുണ്ട്. അഖിലേന്ത്യാ സർവ്വീസിൽ സേവനത്തിലിരിക്കെ സംസ്ഥാന സർക്കാരിന് കീഴിൽ നേരിട്ടോ സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങൾ, നിയമപരമായ സ്ഥാപനങ്ങൾ എന്നിവയിൽ സേവനമനുഷ്ഠിക്കുന്ന കാലയളവിലും സംസ്ഥാന സർക്കാരിൽ നിന്നും ശമ്പളം കൈപ്പറ്റിക്കൊണ്ട് പഠനാവശ്യത്തിനുള്ള അവധിയിൽ പ്രവേശിക്കുമ്പോഴും മാത്രമാണ് ഉദ്യോഗസ്ഥർക്ക് ഈ അലവൻസിന് അർഹതയുള്ളത്. എന്നാൽ അഖിലേന്ത്യാ സർവ്വീസിൽ നിന്ന് വിരമിച്ച ശേഷം സംസ്ഥാന സർക്കാരിനു കീഴിൽ പുനർ നിയമനം ലഭിക്കുന്ന ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ അലവൻസ് അനർഹമായി കൈപ്പറ്റുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

IFS/Adm

2. സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള വാർഷിക ആർജ്ജിത അവധി സറണ്ടർ ആനുകൂല്യം അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിൽ അവർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തെ ലഘൂകരിക്കുന്നതിനായാണ് സംസ്ഥാന സർക്കാർ എ.ഐ.എസ്. ഓഫീസെഴ്സ് അലവൻസ് സൂചന-1 ലെ ഉത്തരവ് പ്രകാരം 01.01.2013 മുതൽ അനുവദിച്ചു വരുന്നത്. ഈ കാരണത്താൽ തന്നെ പ്രസ്തുത അലവൻസ് നിലവിൽ സർവ്വീസിലിരിക്കുന്ന അഖിലേന്ത്യ സർവ്വീസ് ഉദ്യോഗസ്ഥർക്ക് മാത്രമാണ് ബാധകമാവുക എന്നത് സൂചനയിലെ 1-ഉം 2-ഉം ഉത്തരവുകളിൽ നിന്ന് സ്പഷ്ടമാണ്. ആയതിനാൽ അഖിലേന്ത്യാ സർവ്വീസിൽ നിന്നും വിരമിച്ച ശേഷമോ വിരമിച്ച ശേഷം സർക്കാരിന് കീഴിൽ പുനർനിയമനം ലഭിക്കുമ്പോഴോ ഉദ്യോഗസ്ഥർക്ക് എ.ഐ.എസ്. ഓഫീസേഴ്സ് അലവൻസിന് അർഹതയില്ല എന്നും ഇത്തരത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ പ്രസ്തുത അലവൻസ് കൈപ്പറ്റുന്നത് ക്രമവിരുദ്ധമാണെന്നും എല്ലാ വകുപ്പ് മേധാവികളെയും അറിയിക്കുന്നു. കൂടാതെ ഓരോ വകുപ്പിന് കീഴിൽ നേരിട്ടും അല്ലാതെയുമുള്ള തസ്തികകളിൽ പുനർനിയമനവുമായി ബന്ധപ്പെട്ട Terms & conditions-ൽ പ്രത്യേകം പരാമർശിച്ചിട്ടുള്ള ഏതൊരു അലവൻസിനും വിരമിച്ച അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർക്ക് അർഹതയുണ്ടായിരിക്കുന്നതാണ് എന്നും അറിയിക്കുന്നു.

T SUDHEER BABU
JOINT SECRETARY

FS I/IFS II/HF1/HA
18/5/22

1. എല്ലാ വകുപ്പ് മേധാവികൾക്കും.
2. സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും.
3. ഡയറക്ടർ ജനറൽ ഓഫ് പോലീസ് &സ്റ്റേറ്റ് പോലീസ് ചീഫ്, കേരള , പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം
4. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,കേരള ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, വഴുതയ്ക്കാട്, തിരുവനന്തപുരം
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

6. അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
7. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
8. പൊതുഭരണ (എസ്.സി) വകുപ്പ്
9. പൊതുഭരണ (എ.ഐ.എസ്-എ) വകുപ്പ്
10. വെബ് & ന്യൂ മീഡിയ ഡിവിഷൻ (ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

<u>പകർപ്പ്</u>

1. ചീഫ് സെക്രട്ടറിയുടെ പി.എ
2. സ്പെഷ്യൽ സെക്രട്ടറി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്
3. പൊതുഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
4. പൊതുഭരണ എ.ഐ.എസ് (എ&സി) വകുപ്പുകളുടെ ജോയിന്റ് സെക്രട്ടറിയുടെ പി.എ
5. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ